**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4551** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>2022-23 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ബഡ്ജറ്റിൽ 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 28-02-2023 വരെ 1,17,86,32,618/- രൂപ ചെലവഴിച്ചു. 28.02.2023 വരെ 3138 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.<br><br>**പട്ടിക വർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിക്കും, ടി പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർക്ക് വീടടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കി പുനരധിവസിപ്പിക്കുന്നതിനും, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 5,32,85,756/- രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മറ്റി അംഗീകരിച്ച 23.61 ഏക്കർ ഭൂമി വാങ്ങുന്നതിനായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. ആയതിൽ നാളിതുവരെ 3,01,91,670/- രൂപ ചെലവഴിച്ച് 12.66 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിൽ ഇതുവരെ 1.35 ഏക്കർ ഭൂമി 9 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ശീർഷകത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്ക് തുക കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ